# പതിനാലാം കേരള നിയമസഭ

## രണ്ടാം സമ്മേളനം

**നക്ഷത്ര ചിഹ്നമിടാത്തചോദ്യം നം. 970 30.09.2016 ന് മറുപടിയ്ക്ക്**

**<u>പഴം-പച്ചക്കറി ഉല്പാദനത്തിൽ സ്വയംപര്യാപ്തത</u>**

| ചോദ്യം<br>**ശ്രീ.പി.ഉണ്ണി** | മറുപടി<br>**ശ്രീ. വി.എസ്.സുനിൽ കുമാർ<br>(കൃഷി വകുപ്പ് മന്ത്രി)** |
|---|---|
| എ) പഴം-പച്ചക്കറി ഉല്പാദനത്തിൽ സ്വയംപര്യാപ്തത കൈവരിക്കുന്നതിന് എന്തെല്ലാം നടപടികൾ സ്വീകരിക്കുവാനാണ് ഉദ്ദേശിക്കുന്നതെന്ന് വ്യക്തമാക്കാമോ; | എ) പച്ചക്കറി ഉൽപ്പാദനത്തിൽ സ്വയംപര്യാപ്തത കൈവരിക്കുന്നതിനായി കൃഷി വകുപ്പ് സമഗ്ര പച്ചക്കറി വികസന പദ്ധതി ആവിഷ്കരിച്ച് നടപ്പിലാക്കി വരുന്നു. അതിന്റെ ഭാഗമായി വീട്ടുവളപ്പിലും, മട്ടുപ്പാവിലും, വിദ്യാഭ്യാസ സ്ഥാപനങ്ങളിലും പച്ചക്കറി കൃഷി പ്രോത്സാഹിപ്പിക്കുക, ജില്ലാ ക്ലസ്റ്റർ വികസനം, മികച്ച കർഷകർക്ക് അവാർഡു നൽകി പ്രോത്സാഹിപ്പിക്കൽ, സൂക്ഷ്മ മൂലകങ്ങളുപയോഗിച്ചുള്ള പ്രദർശനത്തോട്ടം കിഴങ്ങു വർഗ്ഗ വിളകളുടെ കൃഷി പ്രോത്സാഹനം, ബ്ലോക്ക്തല ഫെഡറേറ്റഡ് സമിതികളുടെയും നഴ്സറികളുടേയും വികസനം, മഴ മറകൾ സ്ഥാപിക്കൽ, സങ്കര വിത്തിനങ്ങളുടെ വിതരണം, സൂക്ഷ്മജലസേചനം, തരിശുനില കൃഷി, കേരള കാർഷിക സർവ്വകലാശാലയുടെ സേഫ് റ്റു ഈറ്റ് പ്രോജക്ട്, കൃഷിയ്ക്കു ഇൻഷുറൻസ് പരിരക്ഷ സബ്സിഡിയോടുകൂടി നടപ്പിലാക്കുക, പ്രകൃതിക്ഷോഭം മൂലമുണ്ടാകുന്ന വിളനാശത്തിന് നഷ്ടപരിഹാരം നല്കുക, നൂതന സാങ്കേതിക വിദ്യകൾ വ്യാപിപ്പിക്കുക എന്നീ പദ്ധതികൾ നടപ്പിലാക്കി വരുന്നു. |
| ബി) കൃഷി ഭവനുകളിലെ ജീവനക്കാർ തദ്ദേശീയമായി എന്തെല്ലാം സഹായങ്ങളും നിർദ്ദേശങ്ങളുമാണ് കർഷകർക്ക് നൽകിവരുന്നത് എന്ന് വ്യക്തമാക്കാമോ; | ബി) പഞ്ചായത്തുകൾതോറും കാർഷിക വിളകളുടെ ഉത്പാദനവും ഉത്പാദന ക്ഷമതയും വർദ്ധിപ്പിക്കുന്നതിനുതകുന്ന പദ്ധതികൾ ആവിഷ്കരിച്ച് നടപ്പിലാക്കുകയും അവയെക്കുറിച്ചുള്ള വിവരങ്ങൾ കർഷകർക്ക് നേരിട്ടും കർഷക ഗ്രൂപ്പുകൾ മുഖേനയും വാർത്താ മാധ്യമങ്ങളിലൂടെയും എത്തിക്കുകയും ചെയ്യുന്നു. വാർഡ്തല ഗ്രാമസഭകളുടെ മീറ്റിംഗിൽ പങ്കെടുക്കുകയും കാർഷിക പദ്ധതികളെ പറ്റി വിശദീകരണം നൽകുകയും, കർഷകരിൽ നിന്ന് അപേക്ഷകൾ സ്വീകരിക്കുകയും ചെയ്യുന്നു. |

നൂതന സാങ്കേതിക വിദ്യകൾ പകർന്ന് കൊടുക്കുകയും പരിശീലനം നൽകുകയും ചെയ്യുന്നു. രോഗ കീടബാധ നേരിടുന്നതിന് സ്വീകരിയ്ക്കേണ്ട നടപടികളെ സംബന്ധിച്ച് ഉപദേശ നിർദ്ദേശങ്ങൾ നൽകുന്നു. വിള ഇൻഷുറൻസ് പദ്ധതികൾ, പ്രകൃതിക്ഷോഭ ദുരിതാശ്വാസപദ്ധതികൾ എന്നിവയുടെ ആനുകൂല്യങ്ങൾ കർഷകർക്ക് ലഭ്യമാക്കുന്നതിന് നടപടി സ്വീകരിക്കുന്നു. മണ്ണ് പരിശോധിച്ച് ആവശ്യമായ വളം ചെയ്യുന്നതിനുള്ള നിർദ്ദേശങ്ങൾ നൽകുന്നു. വിത്ത്, വളപ്രയോഗം എന്നിവ സംബന്ധിച്ച വിവരങ്ങൾ നൽകുന്നു. കാർഷിക യന്ത്രങ്ങൾ ഉപയോഗിക്കുന്നതിനാവശ്യമായ പരിശീലനങ്ങൾ നൽകുന്നു. ജലസേചനം, കാർഷിക വിളകളുടെ സംസ്കരണം, വിപണനം എന്നിവയുമായി ബന്ധപ്പെട്ട പ്രശ്നങ്ങൾക്ക് പരിഹാരം കാണുന്നതിനുള്ള സഹായങ്ങൾ ചെയ്തു കൊടുക്കുന്നു.

| | |
|---|---|
| സി) കാർഷികവൃത്തി അഭിവൃദ്ധിപ്പെടുത്തുന്നതിനായി കൃഷി വകുപ്പ് എന്തെല്ലാം നൂതന പദ്ധതികൾ ആണ് ആവിഷ്കരിച്ച് നടപ്പിലാക്കി വരുന്നത്; വ്യക്തമാക്കാമോ; | സി) കാർഷികവൃത്തി അഭിവൃദ്ധി പ്പെടുത്തുന്നതിനായി വിള ആരോഗ്യ പരിപാലനം വിവിധ വിളകൾക്കുള്ള ധനസഹായം, ഹൈടെക് അഗ്രികൾച്ചർ പദ്ധതി, അഗ്രോസർവ്വീസ് സെന്ററുകൾ, കാർഷിക കർമ്മസേന, ജൈവകൃഷി പ്രോത്സാഹനം, കിസാൻ കാൾ സെന്റർ എന്നീ നൂതന പദ്ധതികളാണ് പ്രധാനമായും നടപ്പിലാക്കി വരുന്നത്. |
| ഡി) ആയതിന് എത്ര തുകയാണ് വകയിരുത്തിയിരിക്കുന്നതെന്ന് വ്യക്തമാക്കാമോ ? | ഡി) 2016-17 സാമ്പത്തിക വർഷത്തിൽ വിള ആരോഗ്യപരിപാലനത്തിനായി 1690 ലക്ഷം രൂപയും, ഹൈടെക് അഗ്രികൾച്ചർ പദ്ധതിയ്ക്ക് 1340 ലക്ഷം രൂപയും അഗ്രോസർവ്വീസ് സെന്ററുകൾ സ്ഥാപിക്കുന്നതിനായി 3100 ലക്ഷം രൂപയും ജൈവകൃഷി പ്രോത്സാഹിപ്പിക്കുന്നതിനായി 1000 ലക്ഷം രൂപ വകയിരുത്തിയിട്ടുണ്ട്. |

S. [signature]

**സെക്ഷൻ ഓഫീസർ**